**അറിയിപ്പ്**

റൂൾ 50 പ്രകാരം നോട്ടീസ് നൽകുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: റൂൾ 50 എടുക്കുന്നതിന് മുമ്പ് ഒരു കാര്യം ചെയർ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. വളരെ അടിയന്തര പ്രാധാന്യമുള്ളതും അടിയന്തര സ്വഭാവമുള്ളതും പൊതുപ്രശ്നമായി സമൂഹത്തിൽ ഉയർന്നുവരുന്നതുമായ കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള അംഗങ്ങളുടെ അവസരമാണ് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് റൂൾ 50 പ്രകാരം കൊടുക്കുന്ന നോട്ടീസ്. പക്ഷെ പലപ്പോഴും അടിയന്തര പ്രാധാന്യമുള്ള വിഷയമല്ല സഭയിൽ കൊണ്ടുവരുന്നത് എന്നുള്ള കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇന്ന് ശ്രീ. പി. ടി. തോമസിന്റെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. പക്ഷെ ഇതേ വിഷയം 20-10-2016-ന് സബ്മിഷനായി ശ്രീ. പി. ടി. തോമസ് തന്നെ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ശ്രമിച്ചിട്ടുള്ളതാണ്. അടിയന്തരപ്രാധാന്യമുള്ളത് എന്ന് ഓർത്തുകൊണ്ട് ഭാവിയിൽ അടിയന്തരപ്രമേയത്തിന് നോട്ടീസ് കൊടുക്കണമെന്ന് സൂചിപ്പിക്കുകയും ഓർമ്മപ്പെടുത്തുകയും ചെയ്തുകൊണ്ട് ഇത് അനുവദിക്കുകയാണ്.